പതിനാലാം കേരള നിയമസഭ
18-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*130** **10.02.2020-ൽ മറുപടിയ്ക്ക്**

## സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ<br>„ ജോൺ ഫെർണാണ്ടസ്<br>„ കെ.ഡി. പ്രസേനൻ<br>„ എൻ. വിജയൻ പിള്ള : | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) ഒറ്റ തവണ ഉപഭോഗം മാത്രമുള്ള പ്ലാസ്റ്റിക് വസ്തുക്കൾക്ക്(single-use plastic) 1.1.2020 മുതൽ സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം വ്യക്തികളോ, കമ്പനികളോ സ്ഥാപനങ്ങളോ, വ്യവസായമോ ഒറ്റ തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കുകയോ, കൊണ്ടുപോകുകയോ, സൂക്ഷിക്കുകയോ, വിൽപ്പന നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല. ജില്ലാ കളക്ടർമാർ , സബ് ഡിവിഷണൽ മജിസ്ട്രേറ്റ്മാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും സെക്രട്ടറിമാർ, Environmental Protection Act 1986 പ്രകാരം കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ/സ്ഥാപനങ്ങൾ തുടങ്ങിയവർ ഈ നിർദ്ദേശങ്ങളുടെ പാലനം കർശനമായി നിരീക്ഷിക്കേണ്ടതും, Environmental Protection Act 1986 പ്രകാരം നിയമ നടപടി സ്വീകരിക്കേണ്ടതുമാണ്. (നിയമ ലംഘനം നടത്തുന്നവർക്കെതിരെ ആദ്യഘട്ടത്തിൽ 10,000/- രൂപയും രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000/- രൂപയും (ഇരുപത്തയ്യായിരം രൂപ) അതിനു ശേഷം തുടർന്നുള്ള നിർദ്ദേശ ലംഘനത്തിന് 50,000/- രൂപയും (അമ്പതിനായിരം രൂപ) തുടർന്ന് സ്ഥാപനത്തിന്റെ/നിർമ്മാണ പ്രവർത്തനാനുമതി റദ്ദാക്കുന്നതുമാണ്.) മേൽ നിരോധനത്തിൽ നിന്നും branded വസ്തുക്കളെ |

| | |
|---|---|
| | ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വസ്തുക്കളുടെ നിർമ്മാതാക്കൾ/ഉൽപ്പാദകർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിച്ചിട്ടുള്ള /രജിസ്റ്റർ ചെയ്തിട്ടുള്ള Extended Producers Responsibility (EPR) Plan പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| (ബി) പ്ലാസ്റ്റിക്ക് മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും അത് നിരോധിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പൊതുജനങ്ങൾക്ക് ശരിയായ രീതിയിൽ അവബോധം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) തദ്ദേശ സ്വയംഭരണ വകുപ്പ്, കാലാവസ്ഥ വ്യതിയാന വകുപ്പ് , ശുചിത്വ മിഷൻ, വിവിധ സംഘടനകൾ , ഭൂമിത്രസേന ക്ലബുകൾ എന്നിവ മുഖേന ബോധവൽക്കരണ പരിപാടികളും പുനരുപയോഗം സാധ്യമായ വസ്തുക്കൾ സംബന്ധിച്ചും അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നിരോധനം സംബന്ധിച്ചും ബദലായി ഉപയോഗിക്കാവുന്ന വസ്തുക്കൾ സംബന്ധിച്ചും വിവിധ മീഡിയകളിലൂടെ ജനങ്ങളെ ബോധവൽകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പ്ലാസ്റ്റിക് നിരോധനം മൂലം ചെറുകിട കച്ചവടക്കാർക്ക് താത്കാലികമായി മാത്രം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കാമോ? | (സി) ബയോമെഡിക്കൽ മാലിന്യം ശേഖരിക്കുന്നതിന് പ്ലാസ്റ്റിക് ബാഗുകൾക്കു പകരം കമ്പോസ്റ്റബിൾ (compostable) ബാഗുകൾ ഉപയോഗിക്കാം. പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരമായി തുണി, പേപ്പർ എന്നിവ കൊണ്ടുണ്ടാക്കിയ ബാഗുകൾ ഉപയോഗിക്കാവുന്നതാണ്. കൂടാതെ നിരോധിച്ച വസ്തുക്കൾക്ക് ബദലായി ഉപയോഗിക്കാവുന്ന വസ്തുക്കൾ നിലവിൽ മാർക്കറ്റിൽ ലഭ്യമാണ്. ഇത് സംബന്ധിച്ച് പരസ്യം ചെയ്തിട്ടുള്ളതും പൊതുജനങ്ങൾ ഇതുമായി സഹകരിച്ച് പ്രകൃതി സൗഹാർദ്ദപരമായ വസ്തുക്കൾ ഉപയോഗിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**